# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 404**      **02.12.2014 ൽ മറുപടിയ്ക്ക്**

## സ്വകാര്യമേഖലയിലെ വൈദ്യുതി ഉല്പാദകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ (i) കാറ്റ്, (ii) സൂര്യപ്രകാശം, (iii) ചെറുകിട ജലപാതം (Small Hydro) എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്ന സ്വകാര്യമേഖലയിലെ ഏറ്റവും മികച്ച പത്ത് ഉല്പാദകരുടെ (മേൽ സൂചനാ മൂന്ന് സ്രോതസ്സുകളുടെ പ്രത്യേകമായി) വാർഷിക വൈദ്യുതി ഉല്പാദന ശരാശരി കണക്ക സഹിതമുള്ള വിശദാംശങ്ങൾ അറിയിക്കുമോ; | (എ) സൗരോർജ്ജം ഉപയോഗിച്ചുള്ള വൻകിട വൈദ്യുത ഉൽപ്പാദന പദ്ധതികൾ ഒന്നും തന്നെ സംസ്ഥാനത്ത് നിലവിലില്ല. ആറ് സ്വകാര്യ സംരംഭകർ ചെറുകിട ജല വൈദ്യുത പദ്ധതി വഴി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 29 സ്വകാര്യ സംരംഭകർ സംസ്ഥാനത്തുണ്ട്. ഇത്തരത്തിലുള്ള സ്വകാര്യ സംരംഭകരുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന സ്വകാര്യ സംരംഭകർക്ക് ആയത് വിതരണം ചെയ്യുന്നതിനും മറ്റും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നിബന്ധനകളാണ് ബാധകമാക്കിയിട്ടുള്ള തെന്ന് വിശദമാക്കുമോ; | (ബി) സ്വകാര്യ സംരംഭകർ വഴി IPP (Independent Power Producers) ആയും, CPP (Captive Power Producers) ആയും സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. ഇപ്പോഴുള്ള IPP Project കളിൽ നിന്നും മുഴുവൻ വൈദ്യുതിയും KSERC നിശ്ചയിച്ച നിരക്കിൽ KSEB വാങ്ങുന്നു. CPP Project ൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി അവരുടെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നു. KSERC നിശ്ചയിക്കുന്ന banking charge, wheeling charge എന്നിവ KSEB യ്ക്ക് നൽകി ആ സൗകര്യം ഉൽപ്പാദകർ ഉപയോഗപ്പെടുത്തുന്നു. |
| (സി) ഇത്തരത്തിലുള്ള വൈദ്യുതി ഉല്പാദനത്തിനായി ശ്രമിക്കുന്ന സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം സഹായക നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ? | (സി) സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ താഴെപ്പറയുന്നു.<br>സൗരോർജ്ജം:-<br>1. 10 മെഗാവാട്ട് വരെയുള്ള സോളാർ പദ്ധതികൾക്ക് KSEB സൗജന്യമായി Power |

evacuate ചെയ്യുന്നതിന് സൗകര്യം ചെയ്തു കൊടുക്കുന്നു.

2. സ്വന്തം ആവശ്യത്തിന് സോളാർ (CPP) പദ്ധതികൾക്ക് wheeling charge ഉം T&D loss ഉം ഒഴിവാക്കി കൊടുത്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി banking സൗകര്യവും നൽകുന്നുണ്ട്.

<u>കാറ്റിൽ നിന്നുള്ള പദ്ധതി:-</u>

സംരംഭകരുടെ ചെലവിൽ പദ്ധതിയിൽ നിന്നും Power evacuation ചെയ്യുന്നതിനുള്ള സബ്സ്റ്റേഷൻ, ലൈൻ എന്നിവ KSEBL ചെയ്തു കൊടുക്കുന്നു.

<u>ചെറുകിട ജലവൈദ്യുത പദ്ധതി:-</u>

1. സംരംഭകരുടെ ചെലവിൽ പദ്ധതിയിൽ നിന്നും Power evacuation ചെയ്യുന്നതിനുള്ള സബ്സ്റ്റേഷൻ, ലൈൻ എന്നിവ KSEBL ചെയ്തു കൊടുക്കുന്നു.

2. പദ്ധതിയുടെ സർവ്വേയും Project Report തയ്യാറാക്കുന്നതിലേക്കും MNRE യും കേന്ദ്രസർക്കാരും നൽകുന്ന Incentive നൽകുന്നുണ്ട്.

3. Water Cess -ൽ നിന്നും പ്രോജക്ടുകളെ ഒഴിവാക്കിയിട്ടുണ്ട്.

ഇവ കൂടാതെ വിതരണ ലൈസൻസി ഉപയോഗിക്കുന്ന മൊത്തം വൈദ്യുതിയുടെ 3 ശതമാനം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വാങ്ങണമെന്നും അതിൽ 0.25 ശതമാനം സോളാർ പദ്ധതിയിൽ നിന്നായിരിക്കണമെന്നും KSERC ഉത്തരവാക്കിയിട്ടുണ്ട്.

Clean Development Mechanism (CDM) benefit ഉം, REC Certificate ഉം ഉൽപ്പാദകർക്ക് ലഭിക്കുന്നുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**